Draft #2 of File 7301/AC B5-2/2020/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 13-Mar-2020 01:32 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം - അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് III ൽ നിന്നും സ്റ്റേജ് IV (അസ്സോസിയേറ്റ് പ്രൊഫസർ )ലേക്കുള്ള സ്ഥാനക്കയറ്റം - തീരുമാനം -സംബന്ധിച്ച്

---

**അക്കാദമിക് ബി 5 സെക്ഷൻ**

നമ്പർ. 1540/AC B 5/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 13.03.2020

---

*പരാമർശം:*-1. 26.06.2019 തീയതിയിലെ 2915/ACB5/2019/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ് .

2 . കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 10.02.2020 തീയതിയിലെ UGCCELL3 /45935/2019/DCE നമ്പർ കത്ത് .

3 . അപ്രൂവലിന് വേണ്ടിയുള്ള സിണ്ടിക്കേറ്റ് ഉപസമിതിയുടെ 03.03.2020 തീയതിയിലെ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 7301/AcB5-2/2020/AcB5 നമ്പർ തീരുമാനം .

**ഉത്തരവ്**

ഉന്നത വിദ്യാഭ്യാസ വകുപ്പും സർവ്വകലാശാലയും ചേർന്ന് നടത്തിയ ഫയൽ അദാലത്തിൽ അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റം സംബന്ധിച്ച അദ്ധ്യാപകരുടെ പരാതികൾ പരിഗണിക്കുകയും , 23.02.2016 - ന് മുൻപ് അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റത്തിന് അർഹരാകുന്ന അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ അംഗീകാര ശുപാർശകൾ സർവകലാശാലക്ക് സമർപ്പിക്കേണ്ടതില്ലെന്നും, കോളേജ് പ്രിൻസിപ്പാൾ മുഖേന കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നേരിട്ട് സമർപ്പിച്ചാൽ മതിയെന്നും കോളേജുകൾക്ക് നിർദ്ദേശം നൽകികൊണ്ടുള്ള തീരുമാനം കൈകൊണ്ടിരുന്നു. ആയത് പ്രകാരം പരാമർശം (1) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോളേജ് അധ്യാപകർ അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റ അംഗീകാര ശുപാർശകൾ സമർപ്പിച്ചത് പരിഗണിച്ച കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രസ്തുത അപേക്ഷയിന്മേലുള്ള തുടർനടപടികൾ സർവ്വകലാശാലയിൽ നിന്നും സ്വീകരിക്കണമെന്ന് പരാമർശം (2 ) കത്ത് മുഖേന അറിയിച്ചു.

മേൽ പരാമർശിച്ച കത്ത് പരിഗണിച്ച അപ്രൂവലിന് വേണ്ടിയുള്ള സിണ്ടിക്കേറ്റ് ഉപസമിതി പരാമർശം (3) പ്രകാരം താഴെ പറയുന്ന തീരുമാനം കൈകൊണ്ടു.

"23.02.2016-ന് മുമ്പുള്ള അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റ അപേക്ഷയിന്മേലുള്ള തുടർനടപടികൾ സർവ്വകലാശാലയിൽ നിന്നും സ്വീകരിക്കണം എന്ന് അറിയിച്ചുകൊണ്ടുള്ള 10.02.2020 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള UGCCELL3 /45935/2019/DCE നമ്പർ കത്ത് പരിഗണിച്ച് 26.06.2019 തീയതിയിലെ 2915 /AcB5/2019/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് റദ്ദാക്കാൻ തീരുമാനിക്കുന്നു. 23.02.2016-ന് മുമ്പുള്ള അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനക്കയറ്റത്തിന് 26.03.2019 തീയതിയിലെ 1192/ACB5/2019/എം.ജി.യു. നമ്പർ ഉത്തരവ് പ്രകാരം യു.ജി.സി. റെഗുലേഷൻസ് 1998 (Self Appraisal Report) അഥവാ യു.ജി.സി. റെഗുലേഷൻസ് 2010 (Liberalised API based PBAS - Option B of 2018 regulations) പ്രകാരമുള്ള രേഖകൾ സമർപ്പിക്കാവുന്നതാണ് എന്ന് തീരുമാനിക്കുന്നു . "

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .ഡയറക്ടർ , കോളേജ് വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം
2 .ഡെപ്യൂട്ടി ഡയറക്ടർ ,കോളേജ് വിദ്യാഭ്യാസ വകുപ്പ് , കോട്ടയം / എറണാകുളം
3 . എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും (ഇ-മെയിൽ മുഖേന )
4 .വൈസ് ചാൻസലറുടെ പി.എസ് .
5 .രജിസ്ട്രാറുടെ/ ഫിനാൻസ് ഓഫീസറുടെ പി.എ.
6 .എ സി സി I / II
7 .ഐ ക്യൂ എ സി / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8 .സ്റ്റോക് ഫയൽ / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 7301/AC B5-2/2020/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 13-Mar-2020 01:32 PM - Page 2